## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3453** **12.05.2017-ൽ മറുപടിയ്ക്ക്**

**തലശ്ശേരി കുട്ടിമാക്കൂൽ കോളനിയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം**

**ചോദ്യം**
ശ്രീ.എ. എൻ. ഷംസീർ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനത്തിന് വേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, സ്വയംതൊഴിൽ എന്നിവ ലക്ഷ്യം വച്ചു കൊണ്ട് വിവിധ വികസന പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 6709 വീടുകൾ പുതിയതായി അനുവദിച്ചു. 2016-17 വർഷം സാമ്പത്തിക ഭവന പദ്ധതികൾക്കായി ജനറൽ ഹൗസിംഗിൽ 46.29 കോടി രൂപയും, എ.ടി.എസ്.പി ഹൗസിംഗ് പദ്ധതിയിൽ 143.24 കോടി രൂപയും, ഹഡ്കോ ഹൗസിംഗ് പദ്ധതിയിൽ 26.38 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. അതിൽ മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരണവും ഇതിൽ ഉൾപ്പെടും. മുൻവർഷങ്ങളിൽ അനുവദിച്ചതിൽ 4965 വീടുകൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്.<br>• മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങളെ പട്ടിണി ഉണ്ടാകാതെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതിയിലുൾപ്പെടുത്തി 82133 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു. ടി ആവശ്യത്തിലേക്ക് 18.55 കോടി രൂപ വിനിയോഗിച്ചു.<br>• പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 13.37 കോടി രൂപ ചെലവഴിച്ചുകൊണ്ട് 174 പേർക്ക് 81.983 ഏക്കർ ഭൂമി വാങ്ങി നൽകി. കൂടാതെ പുനരധിവാസ മേഖലയിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായ അടിസ്ഥാന സൗകര്യ വികസനത്തിനായി 30.15 കോടി രൂപയും ചെലവഴിച്ചു. ആകെ 45.08 കോടി രൂപ ടി ആവശ്യങ്ങൾക്ക് വിനിയോഗിച്ചു.<br>• കിഫ്ബിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 10 പദ്ധതികൾക്ക് താല്ക്കാലിക അംഗീകാരം നൽകി. പ്രീമെട്രിക്, / പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം, ഇടുക്കി നാട്ടുകാണി വി.ടി.സിയുടെ വികസനം |

| | | | |
|---|---|---|---|
| | | | എന്നിവ ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br>• സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 29614 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ആനുകൂല്യം നൽകുന്നതിന് കഴിഞ്ഞു. 16 കോടി രൂപ ടി ആവശ്യത്തിലേക്ക് വിനിയോഗിക്കാൻ കഴിഞ്ഞു.<br>• ജനനി-ജന്മരക്ഷ പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനുമായി 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് 11880 പേർക്ക് ആനുകൂല്യം നൽകി.<br>• കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 47.53 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണം, പാലങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും ഇതിലുൾപ്പെടുന്നു. |
| ബി) | തലശ്ശേരി നിയോജക മണ്ഡലത്തിലെ കുട്ടിമാക്കൂൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇടപെടുമോ? | ബി) | തലശ്ശേരി നിയോജക മണ്ഡലത്തിലെ കുട്ടിമാക്കൂൽ പട്ടികജാതി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എസ്.സി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |

Harispriya

സെക്ഷൻ ഓഫീസർ